അവശേഷിക്കുന്ന ഭാഗത്ത് കടൽ ഭിത്തി നിർമ്മിക്കേണ്ടതിന്റെ ആവശ്യകത കണ്ടെത്തിയിട്ടില്ല. എന്നാൽ അഴീക്കൽ തുറമുഖ വികസനവുമായി ബന്ധപ്പെട്ട് രണ്ട് പുലിമുട്ടുകൾ നിർമ്മിച്ചുവരുന്നു. ഇതിൽ 1090 മീറ്റർ നീളം വേണ്ടി വരുന്ന അഴീക്കൽ ഭാഗത്തെ പുലിമുട്ട് 996 മീറ്റർ നീളവും 1100 മീറ്റർ നീളം വേണ്ടിവരുന്ന മാട്ടൂൽ ഭാഗത്തെ പുലിമുട്ട് 790 മീറ്റർ നീളവും പൂർത്തീകരിച്ചിട്ടുണ്ട്. മാട്ടൂൽ ഭാഗത്ത് 310 മീറ്ററും അഴീക്കൽ ഭാഗത്ത് 94 മീറ്ററും നീളത്തിൽ പുലിമുട്ട് നിർമ്മിക്കേണ്ടത് ബാക്കിയുണ്ട്.

ഫിഷറീസ് ഹാർബറുകളും ലാന്റിംഗ് സെന്ററുകളും

88 [1410] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഇപ്പോൾ എത്ര ഫിഷറീസ് ഹാർബറുകൾ പ്രവർത്തിക്കുന്നുണ്ട്; അവ ഏതെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) ഇപ്പോൾ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്ന ലാൻറിംഗ് സെന്ററുകളും ഫിഷറീസ് ഹാർബറുകളും ഏതെല്ലാമാണ്; അവ ഓരോന്നും എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(സി) ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ച് കേന്ദ്ര ഗവൺമെന്റിന്റെ അനുവാദത്തിനായി സമർപ്പിക്കപ്പെട്ട മത്സ്യബന്ധന തുറമുഖ പദ്ധതികൾ ഏതെല്ലാമാണ്?

ഉത്തരം

(എ) 9 ഫിഷിംഗ് ഹാർബറുകൾ തങ്കശ്ശേരി, നീണ്ടകര, മുനമ്പം, പുതിയാപ്പ, ചോമ്പാൽ, മാപ്പിളാബേ, അഴീക്കൽ, ബേപ്പൂർ, കൊച്ചി എന്നിവയാണ് അവ.

(ബി) വിഴിഞ്ഞം, കായംകുളം, മുതലപ്പൊഴി, പൊന്നാനി, തലായ് എന്നീ ഫിഷിംഗ് ഹാർബറുകളുടെയും കടപ്ര, തിക്കൊടി, മൊയിലാളികടപ്പുറം എന്നീ ഫിഷ് ലാന്റിംഗ് സെന്ററുകളുടെയും നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു കൊണ്ടിരിക്കുന്നു. വിഴിഞ്ഞം, മുതലപ്പൊഴി ഫിഷിംഗ് ഹാർബറുകളുടെ നിർമ്മാണം 2004-05-ലും, പൊന്നാനി, കായംകുളം ഫിഷിംഗ് ഹാർബറുകളുടെ നിർമ്മാണം 2005-06-ലും പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. തലായിക്ക് കേന്ദ്രാനുമതി ലഭിച്ച് 4 വർഷത്തിനുള്ളിൽ പൂർത്തിയാക്കുന്നതാണ്.

(സി) കൊയിലാണ്ടി, തലായ് എന്നീ മത്സ്യബന്ധന തുറമുഖ പദ്ധതികൾ.

LIBRARY ARCHIVES Kerala Legislative Assembly